File No.SJD/3296/2020-C1

150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/3296/2020-സി1

തിരുവനന്തപുരം,
തീയതി. 11/01/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ സിസ്റ്റം - വിക്ടിം റീഹാബിലിറ്റേഷൻ - ജില്ലാ പ്രൊബേഷൻ ഓഫീസ്, പാലക്കാട് - അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ.(സാധാ) നം. 413/2020/സാ.നീ.വ തീയതി 18/08/2020
2.പാലക്കാട് ജില്ലാ പ്രൊബേഷന് ഓഫീസറുടെ 2020-21 സാമ്പത്തിക വർഷത്തിലെ അപേക്ഷ.

അതിക്രമത്തിനിരയായി കൊല്ലപ്പെട്ടവരുടേയും, കിടപ്പിലായവരുടേയും, ഗുരുതരമായി പരിക്കേറ്റവരുടേയും മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നടപ്പ സാമ്പത്തികവർഷവും തുടരുന്നതിന് മേൽ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും, 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300/- രൂപാ വീതവും, 6 മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 500/- രൂപാ വീതവും, +1, +2, വി.എച്ച്.എസ്.ഇ, ഐറ്റിഐ, പോളിടെക്നിക്ക് ക്ലാസ്സുകളിലെ കുട്ടികൾക്ക് 750/- രൂപാ വീതവും, ബിരുദ കോഴ്സുകൾ ( പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ) പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപാ വീതവും, ബിരുദാനന്തര ബിരുദ കോഴ്സുകൾ ( പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ) പഠിക്കുന്ന കുട്ടികൾക്ക് 1500/- രൂപാ വീതവും, സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപാ വീതവും പ്രതിമാസം തുക അനുവദിക്കുന്നുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസിൽ ലഭിച്ച ശ്രീ. സുധാകരൻ എന്നയാളുടെ മകളുടെ വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ പ്രൊബേഷൻ ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ അയച്ചുതന്നിരിക്കുന്നു. ടി അപേക്ഷ പരിഗണിക്കാവുന്നതും , ടിയാളുടെ മകളും പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയുമായ കുമാരി . അഖില എസിന് വിദ്യാഭ്യാസ ധനസഹായമായി 5000/- ( 500 * 10 ) രൂപാ അനുവദിക്കാവുന്നതുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ, പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസിൽ ലഭിച്ച ശ്രീ. സുധാകരൻ എന്നയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ മകൾക്ക് 2020-21 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായമായി 5000/- (അയ്യായിരം രൂപാ മാത്രം) രൂപാ അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുകയായ 5000/- ( അയ്യായിരം രൂപാ മാത്രം ) രൂപാ, കുമാരി. അഖില എസിന്റെ ബാങ്ക്

**File No.SJD/3296/2020-C1**

അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

**FINANCIAL ASSISTANCE TO THE CHILDREN OF VICTIMS (2020-21)**

| Sl No. | Name & Address of Applicant | Name of Beneficiary | Class | Name of Bank & Branch | Bank Account Number | IFS Code | Amount (Rs.) |
|---|---|---|---|---|---|---|---|
| 1 | Sudhakaran, Boyan Colony, Thiruthampadam, Pothundi, Nenmara PO, Chittoor, Palakkad | Akhila S | X | Dhanalaxmi Bank, Vallangi | 005003600002648 | DLXB0000050 | 5000 |

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

പകർപ്പ് :

1. പ്രൊബേഷൻ ഓഫീസർ, പാലക്കാട്
2. സൂപ്രണ്ട്, പ്ലാനിംഗ്, ബില്ല് സെക്ഷൻസ്/അക്കൗണ്ട്സ്.
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്